2026
FEBRUARY
07
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ഇന്ത്യ–ജിസിസി സ്വതന്ത്ര വ്യാപാര കരാർ ടേംസ് ഓഫ് റഫറൻസ്

# ഇന്ത്യയും ഗൾഫ് സഹകരണ കൗൺസിലും ഒപ്പുവച്ചു

**ന്യൂഡൽഹി:** ഇന്ത്യ-ജിസിസി സ്വതന്ത്ര വ്യാപാര കരാറിനായുള്ള ടേംസ് ഓഫ് റഫറൻസ് ന്യൂഡൽഹിയിലെ വാണിജ്യ ഭവനിൽ ഒപ്പുവെച്ചു. ഇന്ത്യയ്ക്ക് ദീർഘകാലമായി ചരിത്രപരമായ വ്യാപാരവാണിജ്യ ബന്ധങ്ങളുള്ള സുപ്രധാനമായ ഒരു മേഖലയുമായുള്ള വ്യാപാരം ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനും ഇന്ത്യജിസിസി സ്വതന്ത്ര വ്യാപാര കരാറിന് ഗണ്യമായ സാധ്യതകളുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ഇന്ത്യയും ജിസിസിയും തമ്മിലുള്ള വ്യാപാരം 178.56 ബില്യൺ യുഎസ് ഡോളറിലെത്തി (കയറ്റുമതി: 56.87 ബില്യൺ ഡോളർ; ഇറക്കുമതി: 121.68 ബില്യൺ യുഎസ് ഡോളർ). ഇത് ഇന്ത്യയുടെ ആകെ ആഗോള വ്യാപാരത്തിന്റെ 15.42 ശതമാനം വരും. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ജിസിസിയുമായുള്ള ഇന്ത്യയുടെ വ്യാപാരം ക്രമാനുഗതമായി വികസിക്കുകയും പ്രതിവർഷം ശരാശരി 15.3 ശതമാനം വളർച്ചാ നിരക്ക് രേഖപ്പെടുത്തുകയും ചെയ്തു.

എഞ്ചിനീയറിംഗ് ഉൽപ്പന്നങ്ങൾ, അരി, തുണിത്തരങ്ങൾ, യന്ത്രസാമഗ്രികൾ, രത്നങ്ങൾ, ആഭരണങ്ങൾ എന്നിവയാണ് ഇന്ത്യയിൽ നിന്ന് ജിസിസി രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന പ്രധാന ഇനങ്ങൾ. അസംസ്കൃത എണ്ണ, എൽഎൻജി, പെട്രോകെമിക്കൽസ്, സ്വർണ്ണം പോലുള്ള വിലയേറിയ ലോഹങ്ങൾ എന്നിവയാണ് പ്രധാനമായും ജിസിസിയിൽ നിന്ന് ഇറക്കുമതി ചെയ്യുന്നത്. മൊത്തത്തിൽ, 61.5 ദശലക്ഷം ജനങ്ങളുള്ള (2024) വലിയൊരു വിപണിയാണ് ജിസിസി രാജ്യങ്ങൾ. നിലവിലെ വിലയനുസരിച്ച് 2.3 ട്രില്യൺ യുഎസ് ഡോളർ ജിഡിപിയുള്ള ഈ മേഖല ഈ വിഭാഗത്തിൽ ആഗോളതലത്തിൽ 9ാം സ്ഥാനത്താണ്. ഇന്ത്യയിലേക്കുള്ള നേരിട്ടുള്ള വിദേശ നിക്ഷേപങ്ങളുടെ പ്രധാന സ്രോതസ്സ് കൂടിയാണ് ജിസിസി മേഖല. 2025 സെപ്റ്റംബർ വരെയുള്ള കണക്കനുസരിച്ച് ആകെ നിക്ഷേപം 31.14 ബില്യൺ യുഎസ് ഡോളർ കവിഞ്ഞു.പത്ത് ദശലക്ഷത്തോളം വരുന്ന ഇന്ത്യൻ പ്രവാസി സമൂഹം ജിസിസി രാജ്യങ്ങളിൽ വസിക്കുന്നുണ്ട്. ഈ ശക്തവും നിലനിൽക്കുന്നതുമായ ജനങ്ങൾ തമ്മിലുള്ള ബന്ധം മേഖലയിലുടനീളമുള്ള ഇന്ത്യൻ കമ്പനികളുടെ ഗണ്യമായ സാന്നിധ്യത്തിലൂടെ കൂടുതൽ കരുത്തുറ്റതാകുന്നു. വാണിജ്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയും ചീഫ് നെഗോഷ്യേറ്ററുമായ അജയ് ഭാദുവും, ഗൾഫ് സഹകരണ കൗൺസിൽ സെക്രട്ടേറിയറ്റ് ജനറൽ ചീഫ് നെഗോഷ്യേറ്റർ ഡോ. രാജ അൽ മർസൂഖിയുമാണ് ടേംസ് ഓഫ് റഫറൻസ് ഒപ്പുവെച്ചത്. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ, കേന്ദ്ര വാണിജ്യ വ്യവസായ സഹമന്ത്രി ജിതിൻ പ്രസാദ, വാണിജ്യ സെക്രട്ടറി രാജേഷ് അഗർവാൾ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. ജിസിസിഇന്ത്യ സ്വതന്ത്ര വ്യാപാര കരാറിന്റെ വ്യാപ്തിയും രീതികളും നിർവ്വചിച്ചുകൊണ്ട് ഈ റഫറൻസ് വ്യവസ്ഥകൾ വരാനിരിക്കുന്ന ചർച്ചകൾക്ക് മാർഗ്ഗനിർദ്ദേശം നൽകും. സ്വതന്ത്ര വ്യാപാര കരാർ ആഗോള നന്മയ്ക്കായി വലിയൊരു ഊർജ്ജസ്വലമായ മാറ്റം കൊണ്ടുവരുമെന്ന് ചടങ്ങിൽ സംസാരിച്ച കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ പറഞ്ഞു. കരാർ പ്രവചനാത്മകതയും സ്ഥിരതയും കൊണ്ടുവരുമെന്നും ഇരുപക്ഷവും തമ്മിലുള്ള ബന്ധത്തെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ചരക്കുകളുടേയും സേവനങ്ങളുടേയും തടസ്സമില്ലാത്ത ഒഴുക്കിന് കരാർ വഴിയൊരുക്കും. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പം നിക്ഷേപങ്ങളെ ആകർഷിക്കുമെന്നും അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു. കൂടാതെ, മേഖലയിലെ ഭക്ഷ്യഊർജ്ജ സുരക്ഷ ഉറപ്പാക്കിക്കൊണ്ട് നമ്മുടെ ആഴത്തിലുള്ള സാമ്പത്തിക ബന്ധങ്ങളെ ഇത് കൂടുതൽ ഉന്നതിയിലെത്തിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജിസിസിയും ഇന്ത്യയും തമ്മിൽ ചരിത്രപരമായ വ്യാപാര ബന്ധങ്ങൾ പങ്കിട്ടിട്ടുന്ന് ജിസിസി സെക്രട്ടേറിയറ്റ് ജനറൽ ചീഫ് നെഗോഷ്യേറ്റർ ഡോ. അൽ മർസൂഖി അടിവരയിട്ടു പറഞ്ഞു. ഈ റഫറൻസ് വ്യവസ്ഥകളിൽ ഒപ്പുവെയ്ക്കുന്നത് ഇരുപക്ഷത്തിനും ഗുണകരമായ ഒരു സ്വതന്ത്ര വ്യാപാര കരാറിലേക്കുള്ള ചർച്ചകളുടെ തുടക്കമാണെന്നും അദ്ദേഹം വ്യക്തമാക്കി. നിലവിലെ ആഗോള അനിശ്ചിതത്വങ്ങളുടെ പശ്ചാത്തലത്തിൽ, ഇന്ത്യയും ജിസിസിയും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ ഈ കരാർ സഹായിക്കുമെന്ന് അദ്ദേഹം എടുത്തുപറഞ്ഞു. സന്ദർശന വേളയിൽ ഡോ. രാജ അൽ മർസൂഖിരാജേഷ് അഗർവാളുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും ജിസിസിയും തമ്മിൽ മൊത്തത്തിലുള്ള സാമ്പത്തിക പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിലും പരസ്പര താൽപ്പര്യമുള്ള മേഖലകളിൽ സഹകരണം മെച്ചപ്പെടുത്തുന്നതിലുമാണ് ചർച്ച ശ്രദ്ധ കേന്ദ്രീകരിച്ചത്.

## ഇന്ത്യയുഎസ് വ്യാപാര കരാർ: കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കും

**ന്യൂഡൽഹി:** ഇന്ത്യ-യുഎസ് വ്യാപാര കരാറുമായി ബന്ധപ്പെട്ട് പ്രതിപക്ഷം ഉന്നയിക്കുന്ന ആരോപണങ്ങൾക്കിടെ, കരാർ ഇന്ത്യയുടെ കാർഷിക താൽപ്പര്യങ്ങളെയും പ്രത്യേകിച്ച് ക്ഷീരമേഖലയെയും പൂർണ്ണമായും സംരക്ഷിക്കുന്നതാണെന്ന് കേന്ദ്ര കൃഷി, കർഷക ക്ഷേമ, ഗ്രാമവികസന വകുപ്പ് മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ വ്യക്തമാക്കി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലും മാർഗ്ഗനിർദ്ദേശത്തിലും രൂപപ്പെട്ട ഈ കരാർ നയതന്ത്രത്തിന്റെയും വികസനത്തിന്റെയും അന്തസ്സിന്റെയും ഒരു പുതിയ മാനദണ്ഡത്തെ പ്രതിഫലിപ്പിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യയുടെ പ്രധാന ഭക്ഷ്യധാന്യങ്ങൾ, പഴവർഗ്ഗങ്ങൾ, മറ്റ് പ്രധാന വിളകൾ, ചെറുധാന്യങ്ങൾ ക്ഷീര ഉൽപ്പന്നങ്ങൾ എന്നിവ പൂർണ്ണമായും സുരക്ഷിതമാണെന്നും അവയ്ക്ക് യാതൊരു ഭീഷണിയുമില്ല. ചെറുകിട വൻകിട കർഷകരുടെ താൽപ്പര്യങ്ങൾ ഒരുപോലെ സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും, ഈ കരാർ ഇന്ത്യൻ കൃഷിക്ക് വെല്ലുവിളികളല്ല മറിച്ച് പുതിയ അവസരങ്ങളാണ് സൃഷ്ടിക്കുകയെന്നും അദ്ദേഹം എടുത്തുപറഞ്ഞു. ഇന്ത്യയിൽ ജനസംഖ്യയുടെ പകുതിയിലധികം കൃഷിയെ ആശ്രയിച്ചു കഴിയുന്നവരാണെന്നും അതിനാൽത്തന്നെ അമേരിക്കൻ ഉൽപ്പന്നങ്ങളുടെ വരവ് ചെറുകിട കർഷകരെ ബാധിക്കുമെന്നുമുള്ള ആശങ്കയ്ക്ക് മറുപടിയായി, വിദേശ ഉൽപ്പന്നങ്ങളുടെ പെട്ടെന്നുള്ള കടന്നുകയറ്റങ്ങളോ തടസ്സങ്ങളോ ഇന്ത്യൻ വിപണിയിൽ ഉണ്ടാകില്ലെന്ന് മന്ത്രി ഉറപ്പുനൽകി.

ഇന്ത്യൻ കർഷകർക്ക് ദോഷകരമാകുന്ന രീതിയിൽ ഒരു വിപണിയും തുറന്നുകൊടുത്തിട്ടില്ല. അമേരിക്കൻ കാർഷിക ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി ലഭിക്കുമെന്ന യു.എസ് ട്രഷറി സെക്രട്ടറിയുടെ ട്വീറ്റ് സൃഷ്ടിച്ച ആശയക്കുഴപ്പത്തിന് വാണിജ്യ മന്ത്രി പീയൂഷ് ഗോയൽ പാർലമെന്റിൽ കൃത്യമായ മറുപടി നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കരാറിലൂടെ തുറന്നുകിട്ടുന്ന കയറ്റുമതി സാധ്യതകളെക്കുറിച്ച് പരാമർശിക്കവെ, നിലവിൽ അമേരിക്ക ഉൾപ്പെടെയുള്ള നിരവധി രാജ്യങ്ങളിലേക്ക് ഇന്ത്യ അരി കയറ്റുമതി ചെയ്യുന്നുണ്ടെന്നും അടുത്തിടെ ഏകദേശം 63,000 കോടി രൂപയുടെ കയറ്റുമതി രേഖപ്പെടുത്തിയതായും മന്ത്രി ചൂണ്ടിക്കാട്ടി. നികുതി കുറയുന്നത് ഇന്ത്യയുടെ അരി, സുഗന്ധവ്യഞ്ജനങ്ങൾ, വസ്ത്രങ്ങൾ എന്നിവയുടെ കയറ്റുമതിക്ക് നേരിട്ട് ഗുണകരമാകും. തുണിത്തരങ്ങളുടെ കയറ്റുമതിയിലെ വർധന ദശലക്ഷക്കണക്കിന് പരുത്തി കർഷകർക്ക് സഹായകമാകും. പ്രതിപക്ഷം തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നുണ്ടെങ്കിലും, ഈ കരാർ ഇന്ത്യൻ കർഷകരുടെ താൽപ്പര്യത്തിനുവേണ്ടിയാണെന്നും പുതിയ കയറ്റുമതി സാദ്ധ്യതകൾ തുറക്കുമെന്നും ഇന്ത്യൻ കർഷകരുടെ താൽപ്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെടും. കാർഷിക മേഖലയുടെ വ്യാപ്തി കണക്കിലെടുത്ത് കർഷകർക്കിടയിൽ ആശയക്കുഴപ്പമോ ഭീതിയോ ഉണ്ടാകാതിരിക്കാൻ വ്യക്തമായ ആശയവിനിമയം ആവശ്യമാണ്. 'കർഷകർ നമ്മുടെ അന്നദാതാക്കളാണ്, അവരുടെ ക്ഷേമമാണ് രാജ്യത്തിന്റെ ക്ഷേമം. അവരുടെ താൽപ്പര്യങ്ങൾ ഇവിടെ പൂർണ്ണമായും സുരക്ഷിതമാണെന്നും കൂട്ടിച്ചേർത്തു.

## ഒ.ബി.സി/ഒ.ഇ.സി സ്റ്റാർട്ടപ്പുകൾക്ക് പത്ത് ലക്ഷം രൂപ വരെ ധനസഹായം

**കൊച്ചി:** സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പുമായി സഹകരിച്ച് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ് യുഎം) ബി.സി.ഡി.ഡി (ബാക്ക് വേർഡ് ക്ലാസ് ഡെവലപ്മന്റ് ഡിപാർട്ട്മന്റ്) ധനസഹായപദ്ധതിയ്ക്കായി ഒ.ബി.സി/ഒ.ഇ.സി സ്റ്റാർട്ടപ്പുകളിൽ നിന്ന് അപേക്ഷകൾ ക്ഷണിച്ചു. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ സ്റ്റാർട്ടപ്പിനും പ്രൊഡക്റ്റ് ഡെവലപ്മെന്റിനും വിപണി പ്രവേശനത്തിനുമായി പത്ത് ലക്ഷം രൂപ വരെ സാമ്പത്തിക സഹായം ഈ പദ്ധതിയിലൂടെ ലഭിക്കും.

പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ള സംരംഭകർക്ക് നൂതനമായ ആശയങ്ങൾ ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും ബിസിനസ്സ് വിപുലീകരിക്കുന്നതിനും പിന്തുണ നൽകി എല്ലാവരെയും ഉൾക്കൊള്ളുന്ന സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രാരംഭ ഘട്ടത്തിലുള്ള സ്റ്റാർട്ടപ്പുകൾക്ക് തങ്ങളുടെ ആശയങ്ങളുടെ സാധുത പരിശോധിക്കുന്നതിനും ഉൽപ്പന്ന നിർമ്മാണത്തിനും ആവശ്യമായ പ്രോത്സാഹനം ഇതിലൂടെ വാഗ്ദാനം ചെയ്യുന്നു. പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷകർ ഒ.ബി.സി അല്ലെങ്കിൽ ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട 23നും 40നും ഇടയിൽ പ്രായമുള്ള ബിരുദധാരികളായിരിക്കണം. അപേക്ഷിക്കുന്ന സ്റ്റാർട്ടപ്പിൽ ചുരുങ്ങിയത് 80 ശതമാനം ഓഹരി പങ്കാളിത്തം മേൽപറഞ്ഞ വിഭാഗങ്ങളിൽപ്പെട്ടവർക്കായിരിക്കണം. കൂടാതെ അപേക്ഷകരുടെ വാർഷിക കുടുംബ വരുമാനം അഞ്ച് ലക്ഷം രൂപയിൽ താഴെയായിരിക്കണമെന്നും നിബന്ധനയുണ്ട്.

ഉത്പന്നമാതൃകാ ധനസഹായത്തിനായി (പ്രൊഡക്റ്റൈസേഷൻ ഗ്രാന്റ്) അപേക്ഷിക്കുന്ന സ്റ്റാർട്ടപ്പുകൾ നിർബന്ധമായും കേരള സ്റ്റാർട്ടപ്പ് മിഷനിൽ രജിസ്റ്റർ ചെയ്തവരും സാധുവായ കെ.എസ്.യു.എം യൂണിക് ഐഡി ഉള്ളവരും ആയിരിക്കണം. നിശ്ചിത യോഗ്യതയുള്ള സംരംഭകർക്ക് https://grants.startupmission.in/bcdd എന്ന വെബ്സൈറ്റ് വഴി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.



# ഇന്നത്തെ പരിപാടി

## കൊച്ചി

- **മറൈൻ ഡ്രൈവ് താജ് വിവാന്ത :** പിങ്ക് മാർക്കറ്റ് – രാവിലെ 11 ന്.

- **പനമ്പിള്ളി നഗർ അവന്യൂ സെന്റർ :** ലൈഫ് സ്റ്റൈൽ ഷോപ്പിംഗ് പ്രദർശനം – രാവിലെ 11 ന്.

- **തേവര എസ് എച്ച് കോളേജ് :** ഡിസൈൻ ഫെസ്റ്റിവൽ – രാവിലെ 10 ന്.

- **കലൂർ ഇൻർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ട് :** വനിത ഉത്സവ് 2026 – രാവിലെ 11 ന്.

**എറണാകുളം ഗോകുലം കൺവൻഷൻ സെന്റർ : കെ ഫോഗ് സംസ്ഥാന സമ്മേളനം –** രാവിലെ 9ന്.

- **പനങ്ങാട് കുഫോസ് കാമ്പസ് :** മൂന്നാമത് അന്താരാഷ്ട്ര ഊർജമേള – ഉദ്ഘാടനം മന്ത്രി കെ. കൃഷ്ണൻകുട്ടി – രാവിലെ 10ന്

- **കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല –** എൻഡോവ്മെന്റ് പ്രഭാഷണം – രാവിലെ 10ന്.

## കാക്കനാട്

- **കാക്കനാട് ഓണം പാർക്ക് :** കഥകളി സദസ്സ് വാർഷികാഘോഷം – കോട്ടയ്ക്കൽ മധു, നെടുമ്പിള്ളി രാംമോഹൻ എന്നിവരുടെ കഥകളി കച്ചേരി – വൈകിട്ട് 5.30ന്.

## അങ്കമാലി

- **വേങ്ങൂർ സെന്റ് ജോർജ് കുരിശിൻതൊട്ടി :** ശിലാസ്ഥാപന പെരുന്നാൾ – വൈകിട്ട് 6.30ന്.

- **കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ :** സംസ്ഥാന തല ടെക്നോ-കൾച്ചറൽ ഫെസ്റ്റ് തരംഗ് 2026 – രാവിലെ 10 ന്.

- **മഞ്ഞപ്ര കരിങ്ങാലിക്കാട് സെന്റ് സെബാസ്റ്റ്യൻസ് കുരിശുപള്ളി –** തിരുന്നാൾ – വൈകിട്ട് 6 ന്.

## കോതമംഗലം

- **തൃക്കാരിയൂർ :** എൽ ഡി എഫ് വികസന മുന്നേറ്റ ജാഥ – കോതമംഗലം മണ്ഡലം തല പ്രചരണ ജാഥ  രണ്ടാം ദിന ഉദ്ഘാടനം – രാവിലെ 9ന്.

- **മലയിൻകീഴ് ബൈപാസ് ഗ്രൗണ്ട് :** കോതമംഗലം കാർഷികോത്സവം – രാവിലെ 9ന്.

## പറവൂർ

- **എൻ എക്സ് സി സി പറവൂർ ഓഫിസ് –** ജില്ലാ സൈനികക്ഷേമ ഓഫീസറുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ് – രാവിലെ 10 ന്.

## ആലുവ

- **ടാസ് ഹാൾ :** ആലുവ സംഗീത സഭയുടെ ആഭിമുഖ്യത്തിൽ പി ഭാസ്കരൻ സ്മൃതി സന്ധ്യ – ലയ തരംഗ് സംഗീത അക്കാദമിയിലെ ഗായകർ അവതരിപ്പിക്കുന്ന ഗാനമേള – വൈകിട്ട് 3ന്.

## തൃപ്പൂണിത്തുറ

- **തൃപ്പൂണിത്തുറ ഗവ. ഗേൾസ് ഹൈസ്കൂൾ :** തൃപ്പൂണിത്തുറ എക്സൈസ് റേഞ്ചിന്റെ നേതൃത്വത്തിൽ  ലഹരി വിരുദ്ധ ബോധവത്കരണ പരിപാടിയും, കമ്യൂണിറ്റി ഔട്ട് റീച്ച് പ്രോഗ്രാമും – രാവിലെ 11ന്.

- **നടമേൽ സെന്റ് മേരീസ് യാക്കോബായ സുറിയാനി റോയൽ മെട്രോപ്പോളിറ്റൻ പള്ളി :** തിരുന്നാൾ വൈകിട്ട് 6ന്.

## കാലടി

- **കാലടി സെന്റ് ജോർജ് പള്ളി :** വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുന്നാൾ – വൈകിട്ട് 5ന്.

## ഉദയംപേരൂർ

- **തൈക്കാട്ടമ്മ പള്ളി :** പരിശുദ്ധ മാതാവിന്റെ തിരുന്നാൾ – രാവിലെ 8ന്.

# കുട്ടമ്പുഴയിലെ ആദിവാസി ഊരുകളിൽ ചാമിയൂട്ട് കാലം



**കോതമംഗലം :** കുട്ടമ്പുഴയിലെ ആദിവാസി ഊരുകളിൽ ഇത് ചാമിയൂട്ട് കാലം. ആദിവാസി ഊരുകളിൽ താമസിക്കുന്നവർക്ക് ഗോത്ര ദൈവങ്ങളുടെ പ്രീതി ലഭിക്കാൻ എല്ലാ വർഷവും മകരമാസത്തിലാണ് ചാമിയൂട്ട് നടത്തുന്നത്. കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസികളുടെ പരാമ്പരഗത ആചാരമാണ് ചാമിയൂട്ട് എന്ന പേരിലുള്ള സ്വാമിയൂട്ട്. ഗോത്രദൈവങ്ങൾക്കും പൂർവികർക്കും വേണ്ടി സമർപ്പിക്കുന്ന ചാമിയൂട്ട് ഓരോ ആദിവാസി ഊരുകളിലും താൽക്കാലികമായി നിർമ്മിക്കുന്ന തറയിലാണ് നടത്തുന്നത്. മല ദൈവങ്ങളുടെ പ്രീതി പിടിച്ചു പറ്റാനും ആണ്ടു മുഴുവനും കുടികളിൽ സമൃദ്ധിയുണ്ടാവാനും രോഗ നിവാരണത്തിനും വേണ്ടി ആദിവാസികൾ ദൈവത്തിന് നിവേദ്യമായ് നൽകുന്ന ചാമിയൂട്ടിൽ കുട്ടികളും സ്ത്രീകളും വൃദ്ധരുമടക്കം ആദിവാസികൾ ഒന്നടക്കം പങ്കെടുക്കും.

വ്രതം അനുഷ്ഠിച്ച് താൽക്കാലികമായി കെട്ടിയുണ്ടാക്കുന്ന കാട്ടമ്പലത്തിൽ പരിഷ്കൃത ലോകത്തെയാതൊരുവിധ പകർപ്പുമില്ലാതെ ഉത്സവം നടക്കും. വനവിഭവങ്ങൾ ഉപയോഗിച്ചാണ് അമ്പലം നിർമ്മിക്കുക. വനത്തിൽ നിന്നും ശേഖരിക്കുന്നവയും ആദിവാസികൾ കൃഷി ചെയ്തുണ്ടാക്കുന്നവയുമായവ ഉപയോഗിച്ച് ഭക്ഷണം പാചകം ചെയ്ത് കഴിക്കും. പൂജയും ആട്ടവും പാട്ടുമായി രാത്രികൾ ആഘോഷമാകുമ്പോൾ നാലുദിക്കും വാഴും ദേവതകൾ സന്തോഷത്തിന്റെ നിറവിലാകുമെന്നാണ് വിശ്വാസം. പൂജയും, മാട്ടു പൊങ്കലും, തപ്പുകൊട്ടും നൃത്തവും ഒക്കെയായി പാരമ്പര്യ തനിമ ചോർന്നു പോകാതെ ചാമിയൂട്ടിൽ പങ്കെടുക്കാനെത്തുന്ന കുട്ടികളും, സ്ത്രീകളും പ്രായം ചെന്നവരും ഒരേ മനസോടെ ചുവട് വച്ച് ആർപ്പ് വിളിച്ച് ചാമിയൂട്ട് കെങ്കേമമാക്കും.  പരമ്പരാഗതവേഷത്തിൽ വാദ്യമേളങ്ങളുടെ അകമ്പടിയോടെയാണ്  ചാമിത്തറയിൽ ചടങ്ങുകൾ നടത്തുന്നത്. പച്ചിലകളും മറ്റും ശരീരത്തിലണിഞ്ഞ് സ്ത്രീകളും കുട്ടികളുമടക്കം കളം നിറഞ്ഞ് ആനന്ദ നൃത്തം ചവിട്ടും. പ്രകൃതിയേയും മല ദൈവങ്ങളെയും പ്രകീർത്തിച്ചുള്ള ഗാനങ്ങൾ പ്രത്യേക താളത്തിൽ പാടും. ആദിവാസി ഊരുകൾ അലങ്കരിക്കുന്നതിനും ചാമിത്തറയും പരിസര പ്രദേശങ്ങളും മനോഹരമാക്കുന്നതിനും ദിവസങ്ങളുടെ പ്രയത്നം വേണ്ടി വരും. മറ്റു ഊരുകളിൽ താമസിക്കുന്ന വരെ കൂടാതെ ജനപ്രതിനിധികളെയും നാട്ടുകാരെയും ചാമിയൂട്ടിന് അതിഥികളായി ക്ഷണിക്കും. പങ്കെടുക്കുന്നവർക്കെല്ലാം ഭക്ഷണം നൽകിയെ മടക്കി അയക്കുകയുള്ളൂ.

പുലർച്ചെ മലമുകളിലെ മഞ്ഞുപെയ്യുന്ന തറയിൽ ദീപം തെളിഞ്ഞണയുന്നതോടെ ചാമിയൂട്ട് സമാപിക്കും.  ചാമിയൂട്ടിൽ പങ്കെടുക്കാൻ നിരവധി പേർ എത്താറുണ്ട്. കേരളത്തിലെ പ്രധാന ആദിവാസി മേഖലയായ കുട്ടമ്പുഴ പഞ്ചായത്തിലെ ആദിവാസി ഊരുകളായ തലവച്ചപാറ, കുഞ്ചിപ്പാറ, വാര്യം, വെള്ളാരം കുത്ത്, ഉറിയംപെട്ടി, തേര, എളംബ്ലാശേരി, പിണവൂർകുടി, മേട്നാപ്പാറ, താളുകണ്ടം, ചാരപ്പാറ, ഞണ്ടുകളും, കോട്ടക്കുന്ന് എന്നീ കുടികളിലാണ് ചാമിയൂട്ട് നടത്തുക. മുതുവാൻ സമുദായ അംഗങ്ങളാണ് ചാമിയൂട്ട് ഉത്സവം ആഘാഷിക്കുന്നത്. മന്നാൻ സമുദായ അംഗങ്ങൾ താമസിക്കുന്ന പന്തപ്ര ആദിവാസി കുടിയിൽ ദൈവ പ്രതീക്കായി നടത്തുന്ന ഉത്സവം കാലാ വൂട്ട് എന്ന പേരിലാണ് അറിയപ്പെടുന്നത്.

# എളമക്കര വ്യാപാര ഭവൻ ഉദ്ഘാടനം നാളെ

**കൊച്ചി:**കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ പൊറ്റക്കുഴിയിൽ നിർമ്മിച്ച മൂന്നാമത് വ്യാപാര ഭവന്റെ ഉദ്ഘാടനം നാളെ രാവിലെ 10 ന് ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര നിർവ്വഹിക്കും. എളമക്കര യൂണിറ്റ് പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. കെ.വി.വി.ഇ.എസ് ഓഫിസ് ഉദ്ഘാടനം ഹൈബി ഈഡൻ എം.പിയും, എ.സി ഹാളിന്റെ ഉദ്ഘാടനം ടി.ജെ വിനോദ് എം.എൽ.എയും, ശിലാഫലകം അനാശ്ചാദനം പി.സി ജേക്കബ്ബും ചടങ്ങിൽ നിർവ്വഹിക്കും.

കൊച്ചി മേയർ അഡ്വ. വി.കെ മിനിമോൾ, ഡെപ്യൂട്ടി മേയർ ദീപക് ജോയി, യൂണിറ്റ് പരിധിയിലുള്ള കൗൺസിലർമാർ, ചലച്ചിത്ര നിർമ്മാതാവ് സാന്ദ്ര തോമസ്, പൊറ്റക്കുഴി ലിറ്റൽ ഫ്ളവർ പള്ളി വികാരി ഫാ. പാട്രിക് ഇലവുങ്കൽ, ഏകോപന സമിതി ജില്ലാ ജറൽ സെക്രട്ടറി സി.എസ് രാമചന്ദ്രൻ, യൂത്ത് വിംഗ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പ്രദീപ് ജോസ്, വനിതാ വിംഗ് സംസ്ഥാന പ്രസിഡന്റ് ജയ പീറ്റർ  എന്നിവരെ ചടങ്ങിൽ ആദരിക്കും.

തുടർന്ന് നടക്കുന്ന വാർഷിക പൊതുയോഗവും വിദ്യാഭ്യാസ അവാർഡ് വിതരണവും കെ.വി.വി.ഇ.എസ് സംസ്ഥാന വൈസ് പ്രസിഡന്റ് പി. സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്യും. എഡ്വേർഡ് ഫോസ്റ്റസ് അധ്യക്ഷത വഹിക്കും. 75 വയസ് പൂർത്തിയാക്കിയ ആദ്യകാല നേതാക്കൾക്കുള്ള  പെൻഷൻ വിതരണം ഇൻഷുറൻസ് എന്നിയുടെ ഉദ്ഘാടനവും ചടങ്ങിൽ നടക്കും.

# കാക്കനാട് സിവിൽ സ്റ്റേഷനിൽ ഇ.വി.എം ഡെമോൺസ്ട്രേഷൻ കേന്ദ്രം തുറന്നു

**കൊച്ചി:** 2026 ലെ നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി, പൊതുജനങ്ങളുടെ വോട്ടിംഗ് സംബന്ധിച്ച സംശയങ്ങൾ പരിഹരിക്കുന്നതിന് കാക്കനാട് സിവിൽ സ്റ്റേഷനിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം (ഇ.വി.എം) ഡെമോൺസ്ട്രേഷൻ കേന്ദ്രം തുറന്നു. ജില്ലാ കളക്ടർ ജി. പ്രിയങ്ക പ്രതീകാത്മകമായി വോട്ട് രേഖപ്പെടുത്തിക്കൊണ്ട്  സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു.

ഒരു പോളിംഗ് ബൂത്തിന് സമാനമായ രീതിയിൽ കൺട്രോൾ യൂണിറ്റ്, ബാലറ്റ് യൂണിറ്റ്, വിവിപാറ്റ്, രജിസ്റ്റർ എന്നിവ ഡെമോൺസ്ട്രേഷൻ കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. എങ്ങനെയാണ് പോളിംഗ് ബൂത്തിൽ പ്രവേശിക്കേണ്ടത്, ഇ.വി.എമ്മിൽ എങ്ങനെ വോട്ട് രേഖപ്പെടുത്താം, വി.വി.പാറ്റ് യന്ത്രത്തിന്റെ പ്രവർത്തനം തുടങ്ങിയ കാര്യങ്ങൾ കൃത്യമായി  കേന്ദ്രത്തിൽ നിന്ന് പൊതുജങ്ങൾക്ക് മനസ്സിലാക്കാം. ചടങ്ങിൽ കണയന്നൂർ താലൂക്ക് തഹസിൽദാർ  ഡി. വിനോദ്, ഇലക്ഷൻ ജൂനിയർ സൂപ്രണ്ടന്റ് കെ.പി പോൾ, ഇലക്ഷൻ ഹെഡ് ക്ലർക്കുമാരായ ശരത് ഗോപി, ടി.എം അബ്ദുൾ ജബ്ബാർ, സീനിയർ ക്ലർക്ക് ഇ.ആർ മനൂഷ്, ടെക്നിക്കൽ അസിസ്റ്റന്റ് സിയാദ് സലിം എന്നിവർ പങ്കെടുത്തു.



## കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റ്

# 3–ാമത് വ്യാപാര ഭവൻ ഉദ്ഘാടനം നാളെ




■ 39–ാമത് വാർഷിക പൊതുയോഗം ■ ജനപ്രതിനിധികൾക്ക് സ്വീകരണം
■ വിദ്യാഭ്യാസ അവാർഡ് വിതരണം

**2026 ഫെബ്രുവരി 08 ഞായർ രാവിലെ 10 മണി മുതൽ പുതിയ വ്യാപാര ഭവനിൽ**

## കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റ് വ്യാപാര ഭവൻ ഉദ്ഘാടനം നാളെ

# ചിരകാല സ്വപ്നത്തിന്റെ സാക്ഷാത്ക്കാരം

■ എഡ്വേർഡ് ഫോസ്റ്റസ്

കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ ചിരകാല സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുന്നു. കലൂർ പേരണ്ടൂർ റോഡിൽ പൊറ്റക്കുഴി ലിറ്റിൽ ഫൽവർ പള്ളിക്കു സമീപം മനോഹരമായി പണികഴിപ്പിച്ചരിക്കുന്ന നാലുനിലയുള്ള വ്യാപാര ഭവൻ നാളെ (ഫെബ്രുവരി 08, ഞായർ) രാവിലെ 10 മണിക്ക് കെ.വി.വി.ഇ.എസ് സംസ്ഥാന പ്രസിഡന്റ് രാജു അപ്സര നാടിന് സമർപ്പിക്കുമ്പോൾ പൊറ്റക്കുഴി ജംഗ്ഷന്റെയും സമീപ്രദേശങ്ങളുടെയും വികസനത്തിൽ ശ്രദ്ധേയമായ മറ്റൊരു ചുവട് വെയ്പ്പു കൂടിയായിരിക്കുമത്. സംഘടിത ശക്തിയുടെ ഈറ്റില്ലമായ 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് വിശേഷിപ്പിക്കപ്പെടുന്ന കൊച്ചു കേരളം ഇന്ന് മോഹന സുന്ദര വാഗ്ദാനാങ്ങൾ നൽകി മാറിമാറി വരുന്ന ഭരണവർഗ്ഗത്താൽ മെതിക്കപ്പെട്ട് പ്രജ്ഞയറ്റ് ജീർണ്ണാവസ്ഥയിലേക്ക് നീങ്ങുമ്പോൾ ചെറിയ തോതിലെങ്കിലും പിന്തുണ നൽകി താങ്ങിനിർത്താൻ വ്യാപാര മേഖലയ്ക്ക് മാത്രമെ ഇന്ന് സാധിക്കുവെന്നത് പച്ചയായ യാഥാത്ഥ്യമാണ്. ലക്ഷക്കണക്കിന് തൊഴിലാളികൾ പ്രത്യക്ഷമായും പരോക്ഷമായും വ്യാപാര മേഖലയിൽ ജോലിചെയ്യുന്നുണ്ട് എന്നാൽ തീർത്തും വ്യാപാരമേഖലയെ തഴയുന്ന സമീപനമാണ് ഭരണകൂടങ്ങളുടെ ഭാഗത്ത് നിന്നുമുണ്ടാകുന്നത്. നാടിന്റെ വികസനോന്മുഖമായ പ്രവർത്തനങ്ങളിൽ, സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ, വിദ്യാഭ്യാസ, ആതുര സേവന രംഗങ്ങളിലടക്കം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ വ്യാപാര സമൂഹം സജീവ സാന്നിധ്യമാണ്. സങ്കുചിത മനോഭാവം വെടിഞ്ഞ് സാമൂഹ്യ പരിഷ്ക്കരണത്തിൽ




എഡ്വേർഡ് ഫോസ്റ്റസ് (യൂണിറ്റ് പ്രസിഡന്റ് )

എസ്. മനോജ് കുമാർ (യൂണിറ്റ് ജനറൽ സെക്രട്ടറി)

പി. എ സഫറുള്ള (യൂണിറ്റ് ട്രഷറർ)

വ്യാപാരികളുടെ പങ്ക് അർഹിക്കുന്ന രീതിയിൽ സമൂഹം ഉൾക്കൊള്ളുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. ലക്ഷ്യബോധത്തോടെയും കൂട്ടായ പ്രവർത്തനത്തിന്റെ പ്രതീകമായും അഭിമാനപൂർവ്വം പണികഴിച്ചിപ്പിരിക്കുന്ന ഈ മനോഹരമായ 'വ്യാപാര ഭവൻ' അഭിമാന പൂർവ്വം എളമക്കര യൂണിറ്റിലെ മുഴുവൻ അംഗങ്ങൾക്കും സർവ്വോപരി നാടിനും സമർപ്പിക്കുന്നു.



# എളമക്കരയ്ക്ക് പുതിയ മേൽവിലാസം



**എസ്.മനോജ് കുമാർ**
ജനറൽ സെക്രട്ടറി
കെ.വി.വി.ഇ.എസ് എളമക്കര

കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റിന്റെ നേതൃത്വത്തിൽ പൊറ്റക്കുഴി ജംഗ്ഷനിൽ നിർമ്മാണം പൂർത്തിയാക്കിയ മൂന്നാമത് വ്യാപാര ഭവന്റെ ഉദ്ഘാടനം കഴിയുന്നതോടെ എളമക്കരയ്ക്ക് പുതിയ മേൽവിലാസം കൂടിയാവുകയാണ്. 1984–ലാണ് എളമക്കര



**പി.കെ പരമേശ്വരൻ**
സ്ഥാപക ട്രഷറർ,
എളമക്കര യൂണിറ്റ്

യിൽ വ്യാപാരികൾ ആദ്യമായി സംഘടന രൂപീകരിക്കുന്നത്. കെ.വി.വി.ഇ.എസിന്റെ ദീർഘകാലം എറണാകുളം ജില്ലാ പ്രസിഡന്റും സംസ്ഥാന വൈസ് പ്രസിഡന്റുമായിരുന്ന ശ്രീ പി.എ.എം. ഇബ്രാഹിമിന്റെയും, മർച്ചന്റ്സ് യൂണിയൻ മുൻ പ്രസിഡന്റ് എൽ.എ.ജോഷിയുടെയും അനുഗ്രഹാശ്രീർവാദത്തോടെ എ.വി.ഹമീദ് കൺവീനറായും, കെ.എ. രാംദാസ് പ്രസിഡന്റായും, കെ.ഇ. പരീത് ജനറൽ സെക്രട്ടറിയും, പരമേശ്വരൻ ട്രഷറർ ആയിയുമാണ് ആദ്യ ഭരണ സമിതി നിലവിൽ വന്നത്. എ.കെ.രാജൻ, മുഹമ്മദാലി, അന്തുകുഞ്ഞ്, ഒ.പി.യൂസഫ്, മുഹമ്മദ് കുഞ്ഞ്, സി.ജി.ചന്ദ്രൻ എന്നിവരായിരുന്നു ആദ്യകാല നേതാക്കൾ.

2022 –ൽ ശ്രീ എഡ്വേർഡ് ഫോസ്റ്റസ് പ്രസിഡന്റും, എസ്. മനോജ് കുമാർ ജനറൽ സെക്രട്ടറിയും, പി.എ.സഫറുള്ള ട്രഷററായും ചുമതലയേറ്റ് 30 അംഗ ഭരണ സമിതിയുടെ ആശയമായിരുന്നു മൂന്നാമത് വ്യാപാര ഭവൻ. പൊറ്റക്കുഴി മെയിൻ റോഡിന് അഭിമുഖമായി പൊറ്റക്കുഴി ലിറ്റിൽ ഫ്ളവർ പള്ളിയോട് ചേർന്ന് ലഭ്യമായ പന്ത്രണ്ടര സെന്റ് സ്ഥലം സ്വന്തമാക്കിയാണ് 9500 സ്ക്വയർ ഫീറ്റിൽ ബേസ്മെന്റ് ഉൾപ്പെടെ നാല് നില കെട്ടിടം പണി പൂർത്തിയാക്കിയത്. ഇതിൽ സംഘടനയുടെ ആവശ്യത്തിനായി 2500 സ്ക്വയർ ഫീറ്റിൽ എ.സി.ഹാളും, 400 സ്ക്വയർ ഫീറ്റിൽ എ.സി കമ്മിറ്റി ഓഫീസും സജ്ജീകരിച്ചിട്ടുണ്ട്. യൂണിറ്റ് അംഗങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾക്കായി കുറഞ്ഞ നിരക്കിൽ എ.സി.ഹാളിന്റെ സൗകര്യം ഉപയോഗപ്പെടുത്താനുള്ള തീരുമാനവും കമ്മിറ്റി എടുത്തിട്ടുണ്ട്.

സ്വന്തമായി മൂന്ന് വ്യാപാര ഭവൻ ഉള്ള കേരളത്തിലെ ഏക കെ.വി.വി.ഇ.എസ് യൂണിറ്റാണിത്. എളമക്കര യൂണിറ്റിലെ അംഗങ്ങൾ നൂറു ശതമാനവും ചെറുകിട വ്യാപാരികളാണ്. അവരുടെ മനോവീര്യത്തിന്റെയും, ഒത്തൊരുമയുടെയും, സഹകരണത്തിന്റെയും പ്രതീകമാണ് മൂന്ന് വ്യാപാര ഭവനുകൾ. 2022–ൽ ഭരണം ഏറ്റെടുത്ത കമ്മിറ്റി അംഗങ്ങളുടെ ഉറച്ചതും അകമഴിഞ്ഞതുമായ സഹരണമാണ് ഈ വ്യാപാര ഭവനെ കേവലം രണ്ട് വർഷം കൊണ്ട് നിർമ്മാണം പൂർത്തിയാക്കി വ്യാപാര സമൂഹത്തിന്റെ അഭിമാന



**ടി. നസറുദ്ദീൻ**
വ്യാപാരി സമൂഹത്തിന്റെ എക്കാലത്തെയും പ്രചോദനം



**കെ.ഐ രാംദാസ്**
സ്ഥാപക പ്രസിഡന്റ്
എളമക്കര യൂണിറ്റ്



**കെ.ഇ പരീത്**
സ്ഥാപക സെക്രട്ടറി
എളമക്കര യൂണിറ്റ്

*In Loving Memory of*

സ്തംഭമാക്കാൻ പറ്റിയത്.

പൊറ്റക്കുഴി –മാമംഗലം റോഡിന്റെ വികസനം സംഭവിച്ചാൽ ആദ്യ വ്യാപാര ഭവനും, കമ്മിറ്റി ഹാളും, നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. രണ്ടാമത്തെ വ്യാപാര ഭവൻ ഈ പ്രദേശത്തെ ഏറ്റവും തിരക്കേറിയ കറുകപ്പിള്ളി ജംഗ്ഷനിലുമാണ്. അവിടെ വാഹന പാർക്കിംഗ് തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് സൗകര്യക്കുറവുമുണ്ട്. റോഡ് വികസനം മൂലം ഭാവിയിൽ സംഭവിക്കാവുന്ന ഈ പ്രതിസന്ധിയെ നേരിടേണ്ടത് നാളെയുടെ ആവശ്യമായി വന്നപ്പോഴാണ് പുതിയ വ്യാപാര ഭവൻ എന്ന ആശയം ഉരുത്തിരിഞ്ഞത്. തുടർ നടപടികൾക്കായി പ്രസിഡന്റിനെയും, ജനറൽ സെക്രട്ടറിയെയും, ട്രഷററെയും കമ്മിറ്റി ചുമതലപ്പെടുത്തുക മാത്രമല്ല നിർലോഭമായ സഹരണവും നൽകി.


പൊറ്റക്കുഴിയിൽ വ്യാപാര ഭവൻ നിർമ്മിക്കാൻ ഉതകുന്ന 12.5 സെന്റ് സ്ഥലം ഉണ്ടെന്നറിഞ്ഞപ്പോൾ തന്നെ അത് സംഘടയ്ക്കായി വാങ്ങാൻ കമ്മിറ്റി ഐക്യകഠേന തീരുമാനമെടുത്തു. തുടർ നടപടിക്കായി എളമക്കര യൂണിറ്റിലെ അംഗങ്ങളെ മാത്രം ഉൾപ്പെടുത്തി സൊസൈറ്റി ആക്ട് പ്രകാരം 2024–ൽ കെ.വി.വി.ഇ.എസ്. മെമ്പേഴ്സ് വെൽഫെയർ സൊസൈറ്റി എളമക്കര എന്ന പേരിൽ സൊസൈറ്റി രൂപീകരികിച്ചു. സൊസൈറ്റിയുടെ ആസ്ഥിയായി 12.5 സെന്റ് സ്ഥലം വാങ്ങി. സ്ഥലം ഉടമയായ പ്രശസ്ത സിനിമാ നിർമ്മാതാവും നടിയുമായ ശ്രീമതി സാന്ദ്ര തോമസിനെ ഈ അവസരത്തിൽ പ്രത്യേകം ഓർക്കുന്നു. എളമക്കരയിലെ വ്യാപാരികൾക്കായി വ്യാപാര ഭവൻ നിർമ്മിക്കാനാണ് സ്ഥലം വാങ്ങുന്നതെന്ന് അറിയിച്ചപ്പോൾ അവർ സെന്റിന് മാർക്കറ്റ് വിലയേക്കാൾ ഒരുലക്ഷം രൂപ വീതം കുറവ് വരുത്തുകയും, കരാർ കാലാവധി പലവട്ടം ദീർഘിപ്പിച്ചു നൽകുകയും ചെയ്തു. ഭൂമി രജിസ്ട്രേഷന് മുമ്പ് തന്നെ കെട്ടിടം നിർമ്മിക്കാൻ ശ്രീമതി സാന്ദ്രാ തോമസ് നൽകിയ അനുമതിയാണ് കേവലം രണ്ട് വർഷം കൊണ്ട് കെട്ടിടം പണി പൂർത്തിയാക്കാൻ സാധിച്ചത്. കൂടാതെ അംഗങ്ങളുടെ ബനഫിറ്റ് ഫണ്ട്, ദീർഘകാല നിക്ഷേപം തുടങ്ങി വിവിധ പദ്ധതികളിലൂടെ സമാഹരിച്ച തുകയ്ക്കൊപ്പം, എറണാകുളം ജില്ലാ വൈസ് പ്രസിഡന്റും, നിയോജക മണ്ഡലം പ്രസിഡന്റുമായ ശ്രീ എം.സി. പോൾസൺന്റേയും, എളമക്കര യൂണിറ്റ് അംഗമായ ശ്രീ ജോർജ് പ്രദീപിന്റെയും അകമഴിഞ്ഞ സാമ്പത്തിക സഹായം പ്രത്യേകം എടുത്തു പറയേണ്ടതാണ്. കൺസ്ട്രഷൻ കമ്മിറ്റി ചെയർമാൻ ടി.പി. പുരുഷോത്തമൻ, കൺവീനർ നെൽസൺ കൊറയ, മറ്റ് അംഗങ്ങളായ പി.വി.മോഹൻ ദാസ്, ടി.എ. ഉമ്മർ, എ.ജി.സിൽവസ്റ്റർ, സി.യു. താഹ, ഊർജ്ജസ്വലനായ പ്രസിഡന്റ് എഡ്വേർഡ് ഫോസ്റ്റസ്, കർമ്മനിരതനും കണിശക്കാരനുമായ ട്രഷറർ പി.എ സഫറുള്ള തുടങ്ങിയവരുടെ അഹോരാത്ര പ്രയത്നം കൂടിയാണ് ഈ വേളയിൽ സാക്ഷാത്കരിക്കപ്പെടുന്നത്. ഒപ്പം ഓഫീസ് ജീവനക്കാരുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളെയും വിലമതിക്കുന്നു.

സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളിലും എളമക്കര യൂണിറ്റ് വ്യാപാരി സമൂഹത്തിന് മാതൃകയാണ്. വിവിധങ്ങളായ പെൻഷൻ പദ്ധതികൾക്ക് പുറമെ സൊസൈറ്റിയിൽ അംഗങ്ങളായ മുഴുവൻ അംഗങ്ങൾക്കും അപകട ഹെൽത്ത് ഇൻഷുറൻസ് പദ്ധതി നടപ്പാക്കി കഴിഞ്ഞു. മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച് മുന്നേറുന്ന എളമക്കരയിലെ വ്യാപാരി സമൂഹത്തിന് ഈ സൗധം എന്നും ഒരു മുതൽക്കൂട്ടായിരിക്കും.

സമയ ബന്ധിതമായി കെട്ടിടം നിർമ്മാണം പൂർത്തിയാക്കിയ കോൺട്രാക്ടർ, ആർക്കിടെക്റ്റ്, മെറ്റീരിയൽ സപ്ലെയർമാർ, ഇലക്ട്രീഷ്യൻമാർ, കോർപ്പറേഷൻ കൗൺസിലർമാർ, ജീവനക്കാർ, കെട്ടിടം നിർമ്മാണവേളയിൽ തന്നെ വാടകക്കാരായെത്തിയ പഞ്ചാബ് നാഷണൽ ബാങ്ക്, ഇസാഫ് ബാങ്ക്, ഈക്വൽ ഫിറ്റ്നസ് എന്നിവരെയും നന്ദിയോടെ ഓർക്കുന്നു. വീണ്ടും ഇതുപോലുള്ള അത്ഭുതങ്ങൾ തുടരാൻ ജഗദീശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ നിർത്തട്ടെ.

## കമ്മറ്റി അംഗങ്ങൾ


എഡ്വേർഡ് ഫോസ്റ്റസ്



എസ്. മനോജ് കുമാർ


പി. എ സഫറുള്ള


ടി.എ. ഉമ്മർ


പി.വി മോഹൻദാസ്


സിൽവസ്റ്റർ എ. ജി


താഹ സി യു


ടി. പി പുരുഷോത്തമൻ



ഷക്കില സുവൃതൻ



നെൽസൺ കൊറയ


പി.ജി.തോമസ്


സി.എ.നസീർ


പി.എൻ.തമ്പി


സുരേഷ് എൻ.പി


മനോജ് മാനുവൽ


ഫൈസൽ പി.പി


തോമസ് സെബാസ്റ്റ്യൻ


മുഹമ്മദ് ഷെരീഫ്


എൻ.എൽ.വർഗ്ഗീസ്


കെ.കെ.സുകു


ഫൈസൽ എം.ഐ


അബൂബക്കർ പി.എസ്


ഷാലിക് പോൾ


അമ്പിളി സലിംകുമാർ


ഡിജു സി.എ


സീന പ്രസാദ്


ഷാജി എ.ടി


മുഹമ്മദ് ജാഫർ


ബേബി കെ.എസ്

## ഓഫീസ് സ്റ്റാഫ്


ബെറ്റി ജോൺസൺ


ലില്ലി അഗസ്റ്റിൻ


ചാന്ദിനി അജിത്ത്


തങ്കമണി ബാബു


ബാദുഷ എസ്.ഐ

# കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എളമക്കര യൂണിറ്റ് വ്യാപാര ഭവൻ ഉദ്ഘാടനം നാളെ

## കോൺട്രാക്ടേഴ്സ്



സെബാസ്റ്റ്യൻ എ.ജെ
കോൺട്രാക്ടർ

താഹ സി.യു
കോൺട്രാക്ടർ

കെ. എ ജോർജ്
എഞ്ചിനീയർ

ജോസഫ് കെ.ഡി
പെയിന്റിംഗ്
കോൺട്രാക്ടർ



ആരോൺ
വിൻസെന്റ്
ആർക്കിടെക്ട്

ആന്റണി പി.ജെ
ഫാബ്രിക്കേഷൻ
കോൺട്രാക്ടർ

സജീവ്
ഫ്ളോറിങ്
കോൺട്രാക്ടർ

റിയാസ്
എ.സി.പി വർക്ക്

## കൺസ്ട്രക്ഷൻ കമ്മറ്റി



എഡ്വേർഡ് ഫോസ്റ്റസ്
കെ.വി.വി.ഇ.എസ്
യൂണിറ്റ് പ്രസിഡന്റ്

എസ്. മനോജ് കുമാർ
യൂണിറ്റ് ജനറൽ
സെക്രട്ടറി

പി എ സഫറുള്ള
കെ.വി.വി.ഇ.എസ്
യൂണിറ്റ് ട്രഷറർ

ടി. പി പുരുഷോത്തമൻ
കൺസ്ട്രക്ഷൻ
കമ്മറ്റി ചെയർമാൻ



ടി എ ഉമ്മർ
കൺസ്ട്രക്ഷൻ
കമ്മറ്റി മെമ്പർ

പി.വി മോഹൻദാസ്
കൺസ്ട്രക്ഷൻ
കമ്മറ്റി മെമ്പർ

സിൽവസ്റ്റർ
എ. ജി
കൺസ്ട്രക്ഷൻ
കമ്മറ്റി മെമ്പർ

താഹ സി യു
കൺസ്ട്രക്ഷൻ
കമ്മറ്റി മെമ്പർ

നെൽസൻ കൊറയ
കൺസ്ട്രക്ഷൻ
കമ്മറ്റി കൺവീനർ

## ജനപ്രതിനിധികൾക്ക് സ്വീകരണം



വി.കെ. മിനിമോൾ
കൊച്ചി മേയർ

ദീപക് ജോയ്
ഡെപ്യൂട്ടി മേയർ

ബ്രിജിത്ത് ആഷ്‌വിൻ
കൗൺസിലർ

സീന ഗോകുലൻ
സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ
ആരോഗ്യം

ടി.കെ അഷറഫ്
സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ,
പൊതുമരാമത്ത്

വി.ആർ സുധീർ
കൗൺസിലർ,

നിമ്മി മറിയം
കൗൺസിലർ,

സിനി ആനന്ദ്
കൗൺസിലർ

ദീപ്തി
മേരി വർഗീസ്
കൗൺസിലർ,

ബീന മഹേഷ്
കൗൺസിലർ,

## വിദ്യാഭ്യാസ അവാർഡിന് അർഹരായവർ



ആയിഷ നിഷാദ്
D/o. നിഷാദ് പി യു

ജിഹാൻ മാത്യു നല്ല
S/o. മനോജ് മാനുവൽ

ആംന സി.കെ
D/o. കുഞ്ഞുമുഹമ്മദ്

അഭിനവ് കുമാർ
S/o. സുകേഷ് കുമാർ

അഞ്ജന ഷാജി
D/o. എ.ടി ഷാജി

അനീറ്റ ജെസ്റ്റിൻ
D/o. ജെസ്റ്റിൻ ജോസഫ്

ഫിയോന തെരേസ
D/o. ജിൻസി ആന്റണി

ആൻമേരി ഐ.എം
D/o.ഐ.എക്സ്. മാക്സി



ഫാത്തിമ നിഷാദ്
പി.എൻ
D/o. നിഷാദ് പി.യു

രോഹിത് എൻ.പി
s/7. സീന പ്രസാദ്

ഡിബിഷ് എ ഡി
S/o. ദിലീപ് കുമാർ
എ.എൻ

അതുല്യ വൈഷ്ണവി
D/o. ജയന്തി വിനയ
ചന്ദ്രൻ

അഭിനവ് പ്രദീപൻ
S/o. വി.ബി പ്രദീപൻ

ആൽവിൻ ആന്റണി
ഫർട്ടൽ
S/o. ആന്റണി ഫർട്ടൽ

അപ്പു കെ ഷാജൻ
S/o. ജോർജ് ഷാജൻ

ഫർസാന പി. കെ
D/o. നിയാസ് പി.യു



ഡെൽവിൻ ഡിക്രൂസ്
S/o. സിൻഡ്രല്ല ജാക്വ
ലിൻ

ഫാത്തിമ ഷെരീഫ്
D/o. മുഹമ്മദ് ഷെരീ
ഫ്

ആലിയ എസ്
D/o. മുഹമ്മദ് ഹനീഫ്

അനു ആന്റണി
D/o. ലോനൻ
ആന്റണി

ത്രേസ്യ സൗമ്യ
D/o. ഗ്രേസി
ആന്റണി

ഇർസ ഫാത്തിമ
D/o. റെജീന പി.കെ

ഫൗസ്റ്റീന റാണി
ഫോസ്റ്റസ്
D/o. എഡ്വേർഡ് ഫോസ്റ്റസ്

അൽഫിദ എ ജാഫർ
D/o. മുഹമ്മദ് ജാഫർ

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com